# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1548

07.03.2018-ൽ മറുപടിക്ക്

### തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി റാങ്ക് ലിസ്റ്റ്

ചോദ്യം
ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി റാങ്ക് ലിസ്റ്റ് (കാറ്റഗറി നം. 218/13) എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 31.03.2015 ന് നിലവിൽ വന്നു. |
| ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; | ബി) | 1180 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ആദ്യ നിയമന ശിപാർശ എന്നാണ് നൽകിയത്;നിയമന ശിപാർശ നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്; | സി) | 03.10.2015 നാണ് ലിസ്റ്റിൽ നിന്നും ആദ്യ നിയമന ശിപാർശ നൽകിയത്. സൂപ്പർന്യൂമററി ഒഴിവുകൾ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കേണ്ടിയിരുന്നതിനാലാണ് നിയമനശിപാർശ വൈകിയത്. |
| ഡി) | എൽ.ഡി.സി.യുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; | ഡി) | ഒഴിവുകളെല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുവാൻ ഒരു മാസം മാത്രം ശേഷിക്കുന്നതിനാൽ 2018 മെയ് മാസം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെ പരമാവധി ഒഴിവുകൾ പി.എസ്.സിക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം) എൽ.ജി.എസ്.(വിവിധം) |

| | | | |
|---|---|---|---|
| | | | റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധി-കാരികൾക്കും 13.12.2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.- യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമന അധികാരികൾക്കും 07.02.2018-ലെ ഉപസി3/536/17/ ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ